പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1849 01.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സിയിൽ ഇ.ടി.എം. വഴിയുള്ള ടിക്കറ്റ് വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ടി. ബൽറാം<br>" പി.ടി. തോമസ് | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയിൽ ഇ.ടി.എം. വഴിയുള്ള ടിക്കറ്റ് വിതരണം തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | (എ) | ഉണ്ട്.<br>നിലവിൽ ജി.പി.ആർ.എസ് അധിഷ്ഠിത ടിക്കറ്റിംഗ് മെഷീനുകൾ ഉപയോഗിച്ച് ടിക്കറ്റ് വിതരണം നടത്തുന്നുണ്ട്. 2013 ഒക്ടോബർ മാസത്തിലാണ് മൂന്നര വർഷം വാറണ്ടിയോടു കൂടിയ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ വാങ്ങിയത്. ടി മെഷീനുകളുടെ വാറണ്ടി കാലാവധി 2017-ഓടുകൂടി അവസാനിക്കുകയും തുടർന്ന് ഒരു വർഷത്തേയ്ക്ക് എ.എം.സി നൽകുകയും ചെയ്തു. എന്നാൽ ടി കാലാവധി അവസാനിച്ചതിനുശേഷം നിലവിൽ പ്രസ്തുത കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. കാലപ്പഴക്കം മൂലം കേടുപാടുകൾ സംഭവിച്ച ഇ.ടി.എം മെഷീനുകൾ ഒഴിവാക്കിയതിനെ തുടർന്ന് പുനലൂർ, ചാത്തന്നൂർ, പന്തളം, ചങ്ങനാശ്ശേരി, കൊല്ലം, കാട്ടാക്കട, തിരുവനന്തപുരം സെൻട്രൽ എന്നീ യൂണിറ്റുകളിൽ ഇ.ടി.എം സംവിധാനം പ്രവർത്തിക്കുന്നില്ല. |
| (ബി) | പ്രസ്തുത കാരണത്താൽ യാത്രക്കാർക്ക് ടിക്കറ്റ് നൽകുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇക്കാരണത്താൽ കെ.എസ്.ആർ.ടി.സിയുടെ പ്രതിദിന വരുമാനത്തിൽ കുറവ് വന്നിട്ടു ണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | ഇ.റ്റി.എം. വഴിയുള്ള ടിക്കറ്റ് വിതരണം തടസ്സപ്പെട്ടതിനാൽ കെ.എസ്.ആർ.റ്റി.സി.യുടെ പ്രതിദിന വരുമാനത്തിൽ കുറവ് വന്നിട്ടില്ല. |
| (ഡി) | ഇ.ടി.എം. വഴിയുള്ള ടിക്കറ്റ് വിതരണം പുന:സ്ഥാപിക്കാൻ വേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദ മാക്കാമോ? | (ഡി) | നിലവിൽ ഉപയോഗിച്ചുവരുന്ന ജി.പി.ആർ.എസ് അധിഷ്ഠിത ഇ.ടി.എമ്മുകളുടെ മൂന്നര വർഷ വാറണ്ടി കാലാവധിയും ഒരു വർഷത്തെ എ.എം.സി കാലാവധിയും കഴിഞ്ഞതിനാലും കാലപ്പഴക്കം മൂലം കേടുപാടുകൾ |

| | | | |
|---|---|---|---|
| | | | സംഭവിക്കുന്നതിനാലും ജി.പി.ആർ.എസ് അധിഷ്ഠിത മെഷീനുകൾ ഒഴിവാക്കി, കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത്, ടിക്കറ്റിംഗ് സംവിധാനം മാത്രമുള്ള ഇ.ടി.എമ്മുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**